കേരള സർക്കാർ

തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

*<u>പ്രസിദ്ധീകരണത്തിന്</u>*

തീയതി 28.03.2018

# കോട്ടയം കഞ്ഞിക്കുഴിയിലെ റെയിൽവേ മേൽപ്പാലം നാലുവരിയാക്കണം : മന്ത്രി ജി.സുധാകരൻ

കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴിയിൽ ദേശീയപാത 220 ൽ ഉള്ള റെയിൽവേ മേൽപ്പാലം നാലു വരിയായി നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സതേൺ റെയിൽവേ ജനറൽ മാനേജർക്ക് പൊതുമരാത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി. സുധാകരൻ കത്ത് നൽകി.

ദേശീയപാത 220 ൽ കോട്ടയം – കുമളി റോഡിലുള്ള റെയിൽവേ മേൽപ്പാലം നിലവിൽ രണ്ട് വരിപ്പാതയായി നിർമ്മിക്കുന്നതിന് റെയിൽവെ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ തന്നെ രണ്ട് വരി ഗതാഗതമുള്ള ഈ റോഡ് വലിയ തോതിലുള്ള ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന പാതയാണ്. പുതുതായി നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലം നാലുവരിയായി നിർമ്മിച്ചാൽ കോട്ടയം നഗരത്തിലേയ്ക്കുള്ള പ്രധാനപാതയായ കെ.കെ റോഡിലെ ഗതാഗത കുരുക്ക് പരിഹരിക്കുവാൻ സാധിക്കുന്നതാണ്. ചങ്ങനാശ്ശേരി – ഏറ്റുമാനൂർ റെയിൽപാത ഇരട്ടിപ്പിക്കുന്ന ജോലികൾ നടന്നുവരുന്ന ഈ സമയത്ത് തന്നെ നിർദ്ദിഷ്ട മേൽപ്പാലം നാലുവരിയായി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്ന് മന്ത്രി ജി.സുധാകരൻ ആവശ്യപ്പെട്ടു.

സതേൺ റെയിൽവേ ജനറൽ മാനേജർ കേരളത്തിലെ റെയിൽവേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് 28.03.2018 ന് കേരളത്തിൽ എത്തുകയും ചീഫ് സെക്രട്ടറിയുമായി പ്രത്യേക യോഗം ചേരുകയും ചെയ്ത സാഹചര്യത്തിലാണ് ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് മന്ത്രി കത്ത് നൽകിയത്.